4. പദ്ധതികളുടെ വിവിധ മാദ്ധ്യമങ്ങളിൽ കൂടിയുള്ള പ്രചരണം, വിവിധ പ്രസിദ്ധീകരണങ്ങൾ.

5. അച്ചടി പ്രസിദ്ധീകരണങ്ങൾക്കൊപ്പം വിത്ത് വിതരണം.

6. മൊബൈൽ ഫോണിലൂടെ മെസ്സേജിംഗ് സർവ്വീസ്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളുടെ പാക്കേജ്

233 (1672) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർവ്വഹണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഇതിനായി നീക്കിവച്ചിരിക്കുന്ന തുകകൾ എത്ര വീതമെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ വിവരം ചുവടെ ചേർക്കുന്നു :

ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 123.52 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ 42.46 % പൂർത്തീകരിച്ചിട്ടുണ്ട്. 4609.53 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

ആർ.കെ.വി.വൈ. സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പെട്ടി, പറയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട് മോട്ടോർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ് തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 201 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.

3. കറവമാട്, താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി 636 കറവമാടുകളെയും 74550 താറാവുകളെയും വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 478.53 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4. കാർഷിക യന്ത്രവൽക്കരണത്തിനായി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2745.30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

5. മത്സ്യവ്യാപനത്തിനായി 277.84 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 459.4 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

6. കോഴിവളർത്തൽ പദ്ധതിക്കായി 479 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 12 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 15120 യൂണിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

7. ജൈവകൃഷി വ്യാപനത്തിനായി 65 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിൽ 490 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

നിറവ് പദ്ധതി

234 (1673) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ ഭാഗമായി കുന്ദമംഗലം മണ്ഡലത്തിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും

LIBRARY ARCHIVES Kerala Legislative Assembly